Lesson-6
പാഠം – 6

# അബ്രഹാം: വിളിയും അനുസരണവും
# Abraham: His Call and Obedience

ചിത്രത്തിന് നിറം കൊടുക്കുക
Colour the picture



**Honey Comb**

**വിശ്വാസത്താൽ അബ്രഹാം തനിക്ക് അവകാശമായി
കിട്ടുവാനിരുന്ന ദേശത്തേക്കു യാത്രായാകുവാൻ വിളിക്കപ്പെട്ടാറെ
അനുസരിച്ച് എവിടേക്കു പോകുന്നു എന്നറിയാതെ പുറപ്പെട്ടു. എബ്രായർ 11:8**

“By faith Abraham obeyed, when he was called,
to go out to a place that he was to receive as an inheritance;
And he went out, not knowing where he was going” Hebrews 11.8

**പാഠഭാഗം: ഉല്പത്തി 11:24–32, 12: 1–9**

നിങ്ങൾ ദൂര യാത്ര ചെയ്തിട്ടുണ്ടോ? എങ്ങനെയാണ് പോവുക? ഏതെല്ലാം തയ്യാറെടുപ്പുകൾ നടത്തണം? ആരൊക്കെ കൂടെ വരും? പിക്നിക്, തീർത്ഥാടനം, മലകയറ്റം, ബന്ധുക്കളെ കാണൽ, ആരാധനാലയങ്ങൾ സന്ദർ ശിക്കുക ഇങ്ങനെപല രീതിയിലുള്ള യാത്രകൾ ഉണ്ട്.

നമ്മുടെ രാജ്യത്തു കാണുന്ന ക്ഷേത്രങ്ങളിലും ആരാധാനലയങ്ങളിലും ധാരാളം വിഗ്രഹങ്ങൾ/ പ്രതിമകൾ കണ്ടിട്ടില്ലേ? ജാതികളായ ആളുകൾ അവയെ ആരാധിക്കാറുണ്ട്. ബൈബിളിൽ വിഗ്ര ഹങ്ങളെ ആരാധിക്കരുതെന്ന് പറഞ്ഞിട്ടുണ്ട്. വളരെ വളരെ പണ്ട് ഹിദ്ദേക്കൽ നദീതീര പട്ടണ മായ കൽദയരുടെ ദേശത്ത് ഊർ എന്ന സ്ഥലത്ത് അബ്രാം എന്നു പേരുള്ള ദൈവഭക്തനായ മനുഷ്യൻ താമസിച്ചിരുന്നു. തന്റെ വീട്ടുകാർ എല്ലാവരും വിഗ്രഹാരാധികൾആയിരുന്നു. സൂര്യ ദേവനെയും ചന്ദ്ര ദേവനെയും പ്രാർത്ഥിക്കുന്നവരായിരുന്നു. എന്നാൽ അബ്രാമും ഭാര്യ സാറയും  ദൈവത്തെ ആരാധിച്ചിരുന്നു.

ദൈവം അബ്രാമിനു പ്രത്യക്ഷനായി അരുളിചെയ്തു. “നീ നിന്റെ ദേശത്തെയും ചാർച്ചക്കാ രെയും പിതൃഭവനത്തെയും വിട്ടു പുറപ്പെട്ടു ഞാൻ നിന്നെ കാണിപ്പാനിരിക്കുന്ന ദേശത്തേക്കു പോക” (ഉല്പത്തി 12:1,2,3). എങ്ങോട്ടു പോകണം എന്നു ദൈവം പറഞ്ഞില്ലങ്കിലും അബ്രാം സാറയേയും കൂട്ടി നദീതീരം വഴി ഒട്ടകപ്പുറത്ത് യാത്ര ആരംഭിച്ചു (യാത്ര വിവരിക്കുക). തന്റെ പിതാവ് തേരഹ്, സഹോദര പുത്രൻ ലോത്ത് എന്നിവരും അവനോടു കൂടെ പോന്നു. എവിടെ പോകുന്നുവെന്ന്  ചോദിച്ചവരോട് അബ്രാം പറഞ്ഞു. ദൈവം കാണിക്കുന്ന സ്ഥലത്തേക്ക്. നേരം വൈകുമ്പോൾ കൂടാരമടിച്ചു താമസിക്കും. ഹാരാനിൽ അവർ വന്നു പാർത്തപ്പോൾ അവിടെ വച്ച് തേരഹ് മരിച്ചു. ദൈവം പ്രത്യക്ഷനായി പറഞ്ഞതനുസരിച്ച് അബ്രാം മുമ്പോട്ട് വീണ്ടും ദിവസങ്ങളോളം യാത്ര ചെയ്തു. നദികളും പൂക്കളും പുൽമേടുകളും നിറഞ്ഞ ഫലഭൂ യിഷ്ഠമായ ഒരു ദേശത്ത് അവർ എത്തി. തേനീച്ചകൾ പൂക്കളിൽ നിന്നു ശേഖരിച്ച തേൻ കൂടു കൾ ആടുമാടുകൾ, ധാരാളം പാൽ... ഒരു മനോഹര ദേശം തന്നെ. ദൈവം അബ്രാമിനോടു പറ ഞ്ഞു “മകനെഇതാണു ഞാൻ നിനക്കു വേണ്ടി കരുതിയ കനാൻ ദേശം. ദൈവ കല്പന അനുസ രിച്ചതിനാൽ തനിക്കു ദൈവം വാഗ്ദാനം ചെയ്ത ദേശമാണിതെന്നു അബ്രാമിനു ബോധ്യമായി. അബ്രാം അവിടെ യാഗപീഠം പണിതു ദൈവത്തെ ആരാധിച്ചു.

**സന്ദേശം: ദൈവവചനം വായിക്കുകയും കേൾക്കുകയും ചെയ്യുമ്പോൾ ദൈവം നിങ്ങളോട് സംസാരിക്കുന്നു. ദൈവവചനം കേട്ടനുസരിച്ചാൽ അത്  നന്മയും അനുഗ്രഹവുമായിരിക്കും**

## Reading Ref: - Genesis 11: 24-32, 12:1-9.

Have you ever gone for a long journey? How do we go somewhere? What are the arrangements we need? Who all will come with you when you go? There are many types of journeys like picnics, pilgrimage, trekking, visit to relatives etc.

We can see many idols and statues in many temples and churches across the country. People pray to these idols and worship them. Bible clearly teaches us not to worship any idols.

Long time ago there lived a God fearing person named Abraham at Ur, a city built near the riverbank of Hiddekel (Tigris) in the land of Chaldeans (Iraq). All of his family and relatives were idol worshippers. They used to worship sun, moon and other things thinking they were gods. But Abraham and his wife worshipped only the Almighty God.

One day God came to Abraham in a dream and told him: “Get yourself out of your country and go to a land which I will show you.” (Gen 12: 1-3.) Though God did not tell him where to go Abraham obeyed Him and took his wife, father Terah, brother Haran

and his son Lot and other family members. (Explain the journey- camels carrying all the people and loads over them). Abraham answered to the people who asked him. “I am going to a place which God is going to show me”. Early morning they used to start their journey and they stretched out their tents to stay when the sun set. When they reached Haran, Terah died there. Abraham continued his journey. They reached a land with plenty of rivers, green meadows and beautiful flowers, honeycombs filled with honey, lots of sheep, cattle, lots of milk etc. It was a blessed and beautiful land. God gave Abraham that beautiful land as He has promised years back. Abraham understood that and stayed there. He thanked God by building an altar and offered worship.

**Message: God speaks to us when we read and hear the word of God. When we obey, it will become a blessing for us.**




**പൂരിപ്പിക്കാമോ?**

1. അബ്രഹാമിന്റെ പിതാവ് ?
2. അബ്രഹാമിന്റെ സ്വന്ത സ്ഥലം?
3. അബ്രഹാമിന് വാഗ്ദത്തത്താൽ ലഭിച്ച സ്ഥലം?

| | |
|---|---|
| തേ............ഹ്<br>.................ര്<br>ക..............ൻ | അ മ<br>ര ത<br>ഉ ന പ<br>ബ ഴ ആ |

## Can you fill up?

1. FatherofAbraham?
2.Abraham's native place?
3. Abraham's promised land?

| | |
|---|---|
| Te....................h<br>U......................<br>Ca................n | r a c<br>r b z<br>n t a<br>c d c |

**അബ്രഹാം യാത്ര ചെയ്ത സ്ഥലങ്ങൾ യോജിപ്പിക്കുക**

## Join the places which Abraham travelled



**അബ്രഹാം**

ഗലീല

കനാൻ

സോദോം

മെസപ്പൊട്ടോമ്യ

ഹാരാൻ

നസ്രേത്ത്

## ഓർമ്മച്ചെപ്പ് Memory Ch

1. കനാൻ ദേശത്ത് അബ്രാമിന് ദൈവം വാഗ്ദത്തം ചെയ്ത രണ്ട് കാര്യങ്ങൾ?
   God premised two things for Abraham?

   പാൽ/തേൻ ആപ്പിൾ/ഓറഞ്ച് മീൻ/ഇറച്ചി
   Milk/Honey Apple/Orange Fish/ Meat

2. കൽദയരുടെ ഊരിൽ നിന്നും അബ്രാമിന്റെ കൂടെ പോയവർ
   Who travelled with Abraham from Ur
   (ഹാരാൻ, നാഹോർ, ലോത്ത്
   Haran, Nahor, Loth)

3. അബ്രഹാമിന്റെ ഭാര്യ ആര്?
   Who was Abaham's wife?
   സാറാ, റിബേക്ക, ലേയ
   Sarah, Rebecca, Leya

**കളർ ചെയ്യാമോ? Colour the picture**

